LIBRARY ARCHIVES Kerala Legislative Assembly

മലയാള സിനിമയെ രക്ഷിക്കാൻ നടപടി

*11 [215] ശ്രീ. പി. എസ്. സുപാൽ:
,, പി. നാരായണൻ:
,, ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയാള സിനിമാരംഗം തകർച്ചയെ നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് ഇപ്പോൾ എത്ര തീയേറ്ററുകൾ പ്രവർത്തിക്കുന്നുണ്ട്; ഇതിൽ ബി, സി, വിഭാഗങ്ങളിൽ എത്ര വീതം;

(സി) കേന്ദ്ര ഗവൺമെന്റ് സിനിമ വ്യവസായമായി അംഗീകരിച്ചിട്ടുള്ളതു പോലെ സംസ്ഥാന ഗവൺമെന്റും സിനിമയെ വ്യവസായമായി അംഗീകരിച്ചു കൊണ്ട് തകർച്ചയിൽ നിന്നും രക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. കാർത്തികേയൻ):

(എ) ചില പ്രതിസന്ധികൾ നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് ഇപ്പോൾ 1015 സിനിമാ തീയേറ്ററുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ 288 എണ്ണം 'ബി' വിഭാഗത്തിലും 576 എണ്ണം 'സി' വിഭാഗത്തിലുമുണ്ട്.

(സി) ഇക്കാര്യം പല തലത്തിൽ ചർച്ച ചെയ്ത് എല്ലാ വശങ്ങളും വിലയിരുത്തിയശേഷമേ തീരുമാനമെടുക്കാനാകൂ.

കൊപ്രയുടെ താങ്ങുവിലയും സംഭരണവും

*12 [216] ശ്രീ. ടി. കെ. ദേവകുമാർ:
ഡോ. തോമസ് ഐസക്:
ശ്രീ. പിരപ്പൻകോട് മുരളി:
,, കെ. പി. സതീശ്ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊപ്രയുടെ താങ്ങുവില കേന്ദ്രഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) കഴിഞ്ഞ വർഷത്തേക്കാൾ എത്ര രൂപ വർദ്ധിപ്പിച്ചാണ് താങ്ങുവില നിശ്ചയിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) ഈ സീസണിൽ കൊപ്ര സംഭരണം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എത്ര ടൺ കൊപ്ര ഇതിനകം വിവിധ ഏജൻസികളിൽ നിന്നും സംഭരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) കൊപ്ര സംഭരണം കുറ്റമറ്റതാക്കുന്നതിനും ക്രമക്കേടുകൾ കണ്ടു പിടിക്കുന്നതിനും സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഇ) ഇതിന്റെ ഫലമായി കൊപ്ര സംഭരണത്തിൽ എന്തെങ്കിലും അഴിമതികൾ കണ്ടുപിടിക്കാൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) ഇത് സംബന്ധിച്ച അന്വേഷണം പൂർത്തിയായോ; എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ ഗൗരിയമ്മ):

(എ) 2004 സീസണിലേയ്ക്ക് കൊപ്രയുടെ താങ്ങുവില കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടില്ല.

(ബി ആന്റ് സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) കേന്ദ്ര ഗവൺമെന്റ് താങ്ങുവില പ്രഖ്യാപിക്കുന്ന മുറയ്ക്ക് കുറ്റമറ്റ രീതിയിൽ കൊപ്ര സംഭരണം നടത്തുന്നതിനുവേണ്ടി അതത് സമയങ്ങളിൽ സഹകരണ വകുപ്പുമായി കൂടിയാലോചിച്ച് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ കൃഷി വകുപ്പ് പുറപ്പെടുവിക്കുന്നതാണ്.

(ഇ ആന്റ് എഫ്) 2000-2001 സീസണിൽ താങ്ങുവില പദ്ധതിപ്രകാരം സംസ്ഥാനത്തു നടന്ന കൊപ്ര സംഭരണത്തിലെ ക്രമക്കേടുകളിൻമേൽ സംസ്ഥാന വിജിലൻസ് 14 സൊസൈറ്റികൾക്കെതിരെ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. (ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്).† കൂടാതെ ഇക്കാര്യം സി.ബി.ഐ.-യെക്കൊണ്ട് അന്വേഷിക്കണമെന്ന് ഹൈക്കോടതിയിൽ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ സി.ബി.ഐ.-യെക്കൊണ്ട് അന്വേഷണം നടത്തിക്കുവാൻ സർക്കാരിന് സമ്മതമാണെന്ന് ഹൈക്കോടതിയെ അറിയിച്ചിട്ടുണ്ട്. ഈ രണ്ടു കേസിലും അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടില്ല.

† നിയമസഭാ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly